## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പന്മന ഗ്രാമപഞ്ചായത്ത് - കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കൽ - പഞ്ചായത്തിന്റെ തനത് ഫണ്ടും പൊതുജനങ്ങളുടെ സംഭാവനയും ഉപയോഗിച്ച് ആവശ്യമായ സ്ഥലം വാങ്ങി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിൽ സൗജന്യമായി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു.

---

### തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1875/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലായ് 2, 2008.

---

പരാമർശം:

1. പന്മന ഗ്രാമപഞ്ചായത്തിന്റെ 24-03-2008-ലെ അടിയന്തിര കമ്മിറ്റിയിലെ 1-ാം നമ്പർ തീരുമാനം.
2. പന്മന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-03-2008-ലെ പി.3 - എസ്.6.13/06 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 25-03-2008-ലെ സി.2-9488/08 നമ്പർ കത്ത്.
4. 11-06-2008-ൽ ബഹു. തദ്ദേശ-സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിലും ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിന്റെ തീരുമാനം.

### ഉത്തരവ്

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ ഭൂമി വിലയ്ക്കു വാങ്ങുന്നതിന്, വാങ്ങാനുദ്ദേശിക്കുന്ന താഴെ പറയുന്ന സ്ഥലങ്ങളുടെ വാല്യുവേഷൻ തുകയുടെ 130% തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാനും അങ്ങനെ വാങ്ങുന്ന ഭൂമി സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിക്കുകയും അയതിലേയ്ക്ക് അനുമതിക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

| ഉടമകളുടെ പേരും വിലാസവും | സർവ്വേ നമ്പർ | വിസ്തുവിന്റെ വിസ്തീർണ്ണം |
|---|---|---|
| 1. ശ്രീ. ഗിരീഷൻ, പാണയ്യത്ത് വീട്, മനയിൽ, പന്മന. | 668/3 | 7.65 |
| 2. ശ്രീമതി.ഗിരിജാകുമാരി, കൃഷ്ണ വിലാസം, കണ്ണങ്കര ഭാഗം. | 668/5 | 12.45 |

(..... 2 .....)

| | | |
|---|---|---|
| 3. ശ്രീ.എ.ആർ.കൃഷ്ണകുമാർ, ആണിലേഴത്ത് വൃന്ദാവനം. | 668/11 | 4.95 |
| 4. ശ്രീമതി.ജി.വിജയകുമാരി, ആണിലേഴത്ത് വീട്. | 668/6 | 11.20 |
| 5. ശ്രമതി.എൻ.എസ്.വത്സലാദേവി, നരിഞ്ചയിൽ, മനയിൽ. | 668/7-2 | 7.60 |
| 6. ശ്രീ.ശക്തിധരൻ പിള്ള, കളത്തിൽ വീട്, കണ്ണങ്കര. | 668/7-1 | 11.55 |
| 7. ശ്രീമതി.ആര്യാദേവി | 668/8 | 11.25 |

2. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പന്മനയിൽ പ്രവർത്തിക്കുന്ന കേന്ദ്രം 2005-06 വർഷത്തിൽ നിർത്തലാക്കിയപ്പോൾ, പഞ്ചായത്ത് ടി കേന്ദ്രം തുടർന്ന് പ്രവർത്തിക്കുന്നതിനായി വാടക കെട്ടിടം ലഭ്യമാക്കിയിട്ടുള്ളതും സർവ്വകലാശാല പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം വിലയ്ക്കു വാങ്ങി നൽകിക്കൊള്ളാം എന്ന് സമ്മതിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2006-07 വർഷം 15,00,000/- രൂപയുടെ ഒരു പ്രോജക്ട് കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടുള്ളതാണെന്നും ഇതിനായി കണ്ടെത്തിയ സ്ഥലങ്ങൾ, ഉടമകൾ ആവശ്യപ്പെട്ടിരിക്കുന്ന വിലയിൽ താഴെ വാല്യുവേഷൻ ലഭിച്ച സാഹചര്യത്തിലാണ് വാല്യുവേഷന്റെ 130% തുക നൽകാൻ പഞ്ചായത്ത് ഐകകണ്ഠ്യേന തീരുമാനിച്ചതെന്നും ബാക്കി വേണ്ടിവരുന്ന തുക സ്വരൂപിച്ച് നൽകിക്കൊള്ളാമെന്ന് ഇക്കാര്യത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ജനകീയ സമിതി എഗ്രിമെന്റ് നൽകിയിട്ടുണ്ടെന്നും വസ്തു സൗജന്യമായി സർവ്വകലാശാലയുടെ പേരിൽ രജിസ്റ്റർ ചെയ്ത് കിട്ടണമെന്നാണ് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന സ്ഥലം സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിന് അനുയോജ്യമാണെന്ന് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ വസ്തുക്കൾ ഇതിനായി വാങ്ങുന്നതിന് നിയമ തടസ്സമില്ലെന്ന് കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ നിയമോപദേശം നൽകിയിട്ടുണ്ട്. പന്മന ഗ്രാമപഞ്ചായത്തിന്റെ മേൽ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

(..... 3 .....)

3. മേൽ വിഷയം സംബന്ധിച്ച് 11-06-2008-ൽ ബഹു. തദ്ദേശ-സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിലും ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചതിൽ, പഞ്ചായത്ത് കണ്ടെത്തുന്നതും സർവ്വകലാശാലയ്ക്ക് അനുയോജ്യമായതുമായ സ്ഥലം പഞ്ചായത്ത് മുഖേന ഏറ്റെടുക്കുന്നതിനും അപ്രകാരം ഏറ്റെടുത്ത സ്ഥലം സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിൽ സൗജന്യമായി രജിസ്റ്റർ ചെയ്ത് നൽകുന്നതിനും സർക്കാർ നിശ്ചയിക്കുന്ന തുകയിൽ അധികം വേണ്ടിവരുന്ന തുക പബ്ലിക് കോൺട്രിബ്യൂഷൻ മുഖേന കണ്ടെത്തുന്നതിനും ധാരണയായിരുന്നു. ബന്ധപ്പെട്ട സർക്കാർ പ്രതിനിധികളുമായി വീണ്ടും കൂടിക്കാഴ്ച നടത്തിയതിൽ, ജില്ലാ കളക്ടർ നിശ്ചയിച്ച വിലയേക്കാൾ 30% അധികരിച്ച തുകയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വസ്തു വാങ്ങുന്നതിനും അധികമായി വേണ്ടി വരുന്ന തുക പബ്ലിക് കോൺട്രിബ്യൂഷൻ വഴി സ്വരൂപിക്കുന്നതിനും അങ്ങനെ വാങ്ങുന്ന സ്ഥലത്തിന് പബ്ലിക് കോൺട്രിബ്യൂഷൻ വഴി ശേഖരിക്കുന്ന തുക സ്റ്റാമ്പ് ഡ്യൂട്ടിയായി ഉപയോഗിച്ച് സർവ്വകലാശാല രജിസ്ട്രാറുടെ പേരിൽ രജിസ്റ്റർ ചെയ്ത് കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ പന്മന ഗ്രാമപഞ്ചായത്തിൽ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനായി, ജില്ലാ കളക്ടർ നിശ്ചയിച്ച വിലയേക്കാൾ 30% അധികരിച്ച തുകയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വസ്തു വാങ്ങുന്നതിനും അധികമായി വേണ്ടി വരുന്ന തുക പബ്ലിക് കോൺട്രിബ്യൂഷൻ വഴി കണ്ടെത്തുന്നതിനും അങ്ങനെ വാങ്ങുന്ന സ്ഥലത്തിന് പബ്ലിക് കോൺട്രിബ്യൂഷൻ വഴി ശേഖരിക്കുന്ന തുക സ്റ്റാമ്പ് ഡ്യൂട്ടിയായി ഉപയോഗിച്ച് കാലടി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിൽ രജിസ്റ്റർ ചെയ്ത് കൊടുക്കുന്നതിനും 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3-ലെ വ്യവസ്ഥകൾ പ്രകാരം പന്മന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.ശ്യാമള കുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

1. സെക്രട്ടറി/പ്രസിഡന്റ്, പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
2. ജില്ലാ കളക്ടർ, കൊല്ലം.

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
5. രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം.
6. ഡയറക്ടർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രാദേശിക കേന്ദ്രം, പന്മന, കൊല്ലം ജില്ല.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
9. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിന്).
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Vilasini P.L

സെക്ഷൻ ഓഫീസർ.